ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 02-05-2024**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് കടുത്ത ചൂട് തുടരുന്നു. ഉഷ്ണതരംഗ സാധ്യത വിലയിരുത്താൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിങ്കളാഴ്ച വരെ അടച്ചിടാൻ നിർദ്ദേശം.

2. സംസ്ഥാനത്ത് ലോഡ്ഷെഡിങ് ഏർപ്പെടുത്തേണ്ടതില്ലെന്ന് വൈദ്യുതി മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു.

3. മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള പ്രചാരണം രാജ്യത്ത് ഊർജിതമായി പുരോഗമിക്കുന്നു.

4. വിഴിഞ്ഞം തുറമുഖം ഓണത്തിന് കമ്മീഷൻ ചെയ്യുമെന്ന് മന്ത്രി വി എൻ വാസവൻ. ട്രയൽ റൺ ജൂണിൽ നടക്കും.

5. സംസ്ഥാനത്ത് മുൻവർഷങ്ങളിൽ അനുവദിച്ച ഹയർസെക്കണ്ടറി താത്കാലിക ബാച്ചുകൾ ധനവകുപ്പിൻറെ അനുമതിക്ക് വിധേയമായി തുടരാൻ മന്ത്രിസഭായോഗത്തിൽ തീരുമാനം.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺ റൈസേഴ്സ് ഹൈദരാബാദ് രാജസ്ഥാൻ റോയൽസിനെ നേരിടും.

$$$$$$$$$$$$$$$$$$

യോഗം -മുഖ്യമന്ത്രി (ഇൻട്രോ)

സംസ്ഥാനത്തെ ഉഷ്ണതരംഗ സാധ്യത വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ദുരന്തനിവാരണ അതോറിറ്റി യോഗം ചേർന്നു. വിവിധ ജില്ലകളിലെ സാഹചര്യങ്ങൾ ജില്ലാ കളക്ടർമാർ വിശദീകരിച്ചു. പകൽ 11 മുതൽ വൈകുന്നേരം മൂന്ന് വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു. വിശദാംശങ്ങളിലേക്ക്....

(ഹോൾഡ് -വോയ്സ്)

(വോയ്സ്)

സംസ്ഥാനത്ത് ഉയർന്ന ചൂട് തുടരുന്ന സാഹചര്യത്തിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിങ്കളാഴ്ച വരെ അടച്ചിടാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. സ്കൂൾ വിദ്യാർത്ഥികൾക്ക് അവധിക്കാല ക്ലാസുകൾ 11 മണിമുതൽ 3 മണിവരെ ഒഴിവാക്കാനും യോഗത്തിൽ നിർദ്ദേശിച്ചു. തൊഴിലാളികളുടെ ജോലി സമയവും ഇതനുസരിച്ച് ക്രമീകരിച്ചിട്ടുണ്ട്. പോലീസ്, എൻസിസി പരിശീലന കേന്ദ്രങ്ങളിൽ പകൽ സമയത്തെ പരേഡും ഡ്രില്ലുകളും ഒഴിവാക്കണം. ആസ്ബെസ്റ്റോസ്, ടിൻ ഷീറ്റുകൾ മേൽക്കൂരയുള്ള തൊഴിലിടങ്ങൾ പകൽ സമയം അടച്ചിടണം. ഇത്തരം വീടുകളിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ ക്യാമ്പുകളിലേക്ക് മാറ്റണം. തീപിടിത്ത സാധ്യതയുള്ള ഇടങ്ങളിൽ ഫയർ ഓഡിറ്റ് നടത്തണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കാൻ വനം വകുപ്പിൻറെ നിർദേശങ്ങൾ

RNUTVPM

***കർശനമായി പാലിക്കണം. കലാ-കായിക മത്സരങ്ങൾ പകൽ 11 മുതൽ വൈകിട്ട് 3 വരെ നടത്തരുത്. ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നത് ഒഴിവാക്കണം. ലയങ്ങൾ, ആദിവാസി, ആവാസകേന്ദ്രങ്ങൾ മുതലായ ഇടങ്ങളിൽ കുടിവെള്ളം ഉറപ്പാക്കണമെന്നും മുഖ്യമന്ത്രിയുടെ യോഗത്തിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. ന്യൂസ് ഡെസ്ക് ആകാശവാണി.***

$$$$$$$$$$$$$$$$$$$

**ചൂട് -മഞ്ഞ ജാഗ്രത**

ആലപ്പുഴ, പാലക്കാട്, തൃശൂർ, കോഴിക്കോട് ജില്ലകളിൽ ഇന്നും നാളെയും ഉഷ്ണതരംഗ സാധ്യത ഉള്ളതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ ജില്ലകളിൽ തുടർച്ചയായി അതിതീവ്ര ചൂട് രേഖപ്പെടുത്തിയ സാഹചര്യത്തിലാണ് മുന്നറിയിപ്പ്. പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്.

$$$$$$$$$$$$$$$$$$$

**കോഴിക്കോട് - ഇൻട്രോ**

കോഴിക്കോട് ജില്ലയിൽ ഉയർന്ന ചൂട് ജനജീവിതത്തെ സാരമായി ബാധിച്ചു. സൂര്യാതപമേറ്റുള്ള ഒരു മരണവും ജില്ലയിൽ ഇന്ന് റിപ്പോർട്ട് ചെയ്യു. പെയിൻ്റിംഗ് തൊഴിലാളിയായ ചക്കുംകടവ് സ്വദേശി ബിജേഷ് ആണ് മരിച്ചത്. ജില്ലയിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിരിക്കുകയാണ്

RNU TVPM

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു .***

**(ഹോൾഡ്)**

**$$$$$$$$$$$$$$$$$$$**

**പാലക്കാട് - കളക്ടർ**

പാലക്കാട് ഉയർന്ന താപനില തുടരുന്ന സാഹചര്യത്തിൽ ജില്ലയിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ തിങ്കളാഴ്ച വരെ ഇളവുകളോടെ തുടരുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. വിദ്യഭ്യാസസ്ഥാപനങ്ങൾ, ട്യൂട്ടോറിയൽസ് എന്നിവയുടെ പ്രവർത്തനവും അഡീഷണൽ ക്ലാസുകൾ , സമ്മർ ക്ലാസുകൾ എന്നിവയും മെയ് 6 വരെ ഓൺലൈനായി മാത്രമേ നടത്താൻ പാടുള്ളൂ. തോട്ടം മേഖലകളിലെ ലയങ്ങളിൽ കുടിവെള്ളം ഉറപ്പാക്കാൻ നിർദ്ദേശമുണ്ട്. കുടിവെള്ള ദൗർലഭ്യം പരിഗണിച്ച് നിലവിൽ മംഗലം, അപ്പർ ഭവാനി ഡാമുകൾ തുറന്നിട്ടുണ്ട്. ആവശ്യമെങ്കിൽ മലമ്പുഴ ഡാം തുറക്കുമെന്നും പഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടിവെള്ള വിതരണം നടത്തുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

**$$$$$$$$$$$$$$$$$$$**

**ഉന്നതതല യോഗം**

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ലോഡ്ഷെഡിങ് ഏർപ്പെടുത്തേണ്ടതില്ലെന്ന് വൈദ്യുതി മന്ത്രി കെ കൃഷ്ണൻ കുട്ടിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനം. ജനങ്ങളുടെ സഹകരണത്തോടെ ഊർജ സംരക്ഷണം പ്രാവർത്തികമാക്കി എല്ലാവർക്കും വൈദ്യുതി എത്തിക്കാൻ എന്തൊക്കെ ചെയ്യാനാകും എന്ന് പരിശോധിക്കാൻ

RNU TVPM

യോഗം ബോർഡിനോട് നിർദേശിച്ചു. ലോഡ്ഷെഡിങ്ങിന് പകരമുള്ള ക്രമീകരണം സംബന്ധിച്ച് കെ.എസ്.ഇ.ബി. പ്രത്യേക യോഗം ചേർന്ന് തീരുമാനമെടുത്ത ശേഷം സർക്കാരിനെ അറിയിക്കും. വൈദ്യുതി മന്ത്രി മുഖ്യമന്ത്രിയുമായി ഇത് സംബന്ധിച്ച് ഇന്ന് കൂടിക്കാഴ്ച നടത്തും.

$$$$$$$$$$$$$$$$$$$

**വിഴിഞ്ഞം-വി എൻ വാസവൻ.**

വിഴിഞ്ഞം തുറമുഖം ഓണത്തിന് കമ്മീഷൻ ചെയ്യുമെന്ന് മന്ത്രി വി എൻ വാസവൻ. ട്രയൽ റൺ ജൂണിൽ നടത്തുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

തുറമുഖ നിർമ്മാണത്തിൽ വലിയ പുരോഗതിയുണ്ട്.

പുലിമുട്ട് നിർമ്മാണം പൂർത്തിയായതായും, ക്രെയിനുകൾ പ്രവർത്തന സജ്ജമായതായും മന്ത്രി അറിയിച്ചു.

$$$$$$$$$$$$$$$$$$$

**മൂന്നാം ഘട്ട പ്രചാരണം**

മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള പ്രചാരണം രാജ്യത്ത് ഊർജിതമായി പുരോഗമിക്കുന്നു. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് ഗുജറാത്തിലെ ആനന്ദ്, സുരേന്ദ്ര നഗർ, ജുനഗഢ് എന്നിവിടങ്ങളിൽ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി കർണാടകയിലും എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധി മധ്യപ്രദേശിലുമാണ് ഇന്ന് പ്രചാരണം

RNU TVPM

നടത്തിയത്.10 സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തേയും 93 സീറ്റുകളിൽ ഈ മാസം ഏഴിനാണ് വോട്ടെടുപ്പ്.

$$$$$$$$$$$$$$$$$$$

## ഹയർസെക്കണ്ടറി

കഴിഞ്ഞ രണ്ട് അധ്യയന വർഷങ്ങളിലായി താൽക്കാലികമായി അനുവദിച്ചതും ഷിഫ്റ്റ് ചെയ്തതുമായ 178 ഹയർസെക്കണ്ടറി ബാച്ചുകൾ

ധനകാര്യവകുപ്പിൻറെ അനുമതിക്ക് വിധേയമായി തുടരുന്നതിന് സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനവും, എയ്ഡഡ് സ്കൂളുകളിൽ 20 ശതമാനവും മാർജിനൽ സീറ്റ് വർദ്ധന അനുവദിക്കും. കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെയും ആലപ്പുഴയിലെ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെയും എല്ലാ സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധന അനുവദിക്കും. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കില്ല.

RNU TVPM

$$$$$$$$$$$$$$$$$$$

## ത്രിവേണി സ്റ്റുഡൻ്റ്സ് മാർക്കറ്റുകൾ

വിലക്കുറവിൽ പഠനോപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് കൺസ്യൂമർഫെഡിൻ്റെ ത്രിവേണി സ്റ്റുഡൻ്റ്സ് മാർക്കറ്റുകൾ പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് ആരംഭിച്ച മെഗാ ത്രിവേണി സ്റ്റുഡൻ്റ്സ് മാർക്കറ്റ് കൺസ്യൂമർ ഫെഡ് ചെയർമാൻ എം.മെഹബൂബ് ഉദ്ഘാടനം ചെയ്തു. ഇതിന്

പുറമേ എല്ലാ ത്രിവേണി സൂപ്പർമാർക്കറ്റുകളിലും സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിച്ചിട്ടുണ്ട്. സ്കൂൾ മാർക്കറ്റുകൾ ജൂൺ 15വരെ പ്രവർത്തിക്കും

$$$$$$$$$$$$$$$$$$$

**<u>തിരു പട്ടം സ്വീകരിച്ചു</u>**

കേൾവി - സംസാര വെല്ലുവിളി നേരിടുന്നവർക്കിടയിൽ നിന്നും പുരോഹിത പദവിയിലെത്തുന്ന ആദ്യ ഇന്ത്യക്കാരനായ ഡീക്കൻ ജോസഫ് തേർമഠത്തിൽ തിരു പട്ടം സ്വീകരിച്ചു. തൃശൂർ വ്യാകുലമാതാ ബസിലിക്കയിൽ നടന്ന ചടങ്ങിൽ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്തിൽ നിന്നുമാണ് തിരു പട്ടം സ്വീകരിച്ചത്. തുടർന്ന് അദ്ദേഹം ആംഗ്യഭാഷയിൽ കുർബാന അർപ്പിച്ചു.

RNU TVPM

$$$$$$$$$$$$$$$$$$$

**<u>ഐപിഎൽ</u>**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺ റൈസേഴ്സ് ഹൈദരാബാദ് രാജസ്ഥാൻ റോയൽസിനെ നേരിടും. രാത്രി 7.30 ന് ഹൈദരാബാദിലാണ് മത്സരം. പോയൻറ് പട്ടികയിൽ രാജസ്ഥാൻ ഒന്നാമതും ഹൈദരാബാദ് അഞ്ചാം സ്ഥാനത്തുമാണ്.

$$$$$$$$$$$$$$$$$$$

**<u>ഓഹരി+ സ്വർണം</u>**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 128 പോയിൻറ് നേട്ടത്തിൽ 74,611 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 43 പോയിൻറ് നേട്ടത്തിൽ 22,648 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർധന. പവന് 560 രൂപ

വർധിച്ച് 53,000 രൂപയും ഗ്രാമിന് 70 രൂപ വർധിച്ച് 6,625 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$

## ഇടുക്കി - സർവകക്ഷി യോഗം

ഇടുക്കി തൊടുപുഴ നഗരത്തിന് സമീപവും കരിങ്കുന്നം - മുട്ടം പഞ്ചായത്തുകളിലും ഭീതി വിതയ്ക്കുന്ന പുലിയെ പിടികൂടുന്നതുമായി ബന്ധപ്പെട്ട് കരിങ്കുന്നത്ത് സർവകക്ഷി യോഗം ചേർന്നു. ഡീൻ കുര്യാക്കോസ് എം.പി, പി.ജെ ജോസഫ് എം.എൽ.എ എന്നിവരുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ മുട്ടം, കരിങ്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരും വാർഡ് മെമ്പർമാരും വനം വകുപ്പ് അധികൃതരും പങ്കെടുത്തു. അധികമായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാനും പുലിയെ പിടികൂടുവാൻ വിവിധയിടങ്ങളിലായി കൂടുകൾ സ്ഥാപിക്കണമെന്നും യോഗത്തിൽ ആവശ്യമുയർന്നു. പുലിയെ നിരീക്ഷിക്കാൻ ആർ.ആർ.ടി ടീമിനെ നിയോഗിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. .

RNUTVPM

$$$$$$$$$$$$$$$$$$$

## മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം മേയറും, കുടുംബവും- കെഎസ്ആർടിസി ഡ്രൈവറും തമ്മിലുണ്ടായ തർക്കത്തിൽ ഡ്രൈവറുടെ പരാതിയെ കുറിച്ച് അന്വേഷിക്കാൻ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറും കെ.എസ്.ആർ.ടി.സി മാനേജിംഗ് ഡയറക്ടറും അന്വേഷണം നടത്തി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് കമ്മീഷൻ നിർദ്ദേശിച്ചത്. അതേസമയം ബസിനുള്ളിലെ സി.സി ടി.വി

ക്യാമറയുടെ മെമ്മറി കാർഡ് കാണാതായതിൽ രാഷ്ട്രീയ ഗൂഢാലോചനയുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. സംഭവത്തിൽ മേയർ ആര്യാ രാജേന്ദ്രനും, ഭർത്താവ് സച്ചിൻ ദേവ് എംഎൽഎയ്ക്കും എതിരെ കേസ് എടുക്കണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM